**ഏലിയ സ്ലീവാക്കാലം അഞ്ചാം ഞായർ**

**മത്താ 20:1-16**

## ആരും വൈകിയിട്ടില്ല

**റവ.ഫാ. വർഗീസ് അമ്പലത്തിങ്കൽ**

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ വിശുദ്ധ മത്തായി അറിയിച്ച സുവിശേഷത്തിൽ മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും എന്ന വാക്യത്തിനിടയ്ക്കായിട്ടാണ് സുവിശേഷകൻ ക്രമീകരിച്ചിരിക്കുന്നത്. ഉപമയുടെ ആരംഭത്തിലും (മത്താ 19:30) അവസാനത്തിലും (മത്താ 20:16) ആവർത്തിച്ചിരിക്കുന്ന ഈ വാക്യം ഉപമയെ കൃത്യമായി വ്യാഖ്യാനിക്കാനും അതിന്റെ സന്ദേശം മനസ്സിലാക്കാനും നമ്മെ സഹായിക്കും.

ജോലി ചെയ്ത സമയം പരിഗണിക്കാതെ വീട്ടുടമസ്ഥൻ എല്ലാവർക്കും തുല്യമായ വേതനം നല്കുന്നതും തുടർന്ന് ആദ്യം വന്നവർ വീട്ടുടമസ്ഥനെതിരെ പിറുപിറുക്കുന്നതുമാണ് ഉപമയിലെ രണ്ട് പ്രമേയങ്ങൾ. രണ്ടാമത്തെ പ്രമേയത്തിനാണ് ഈ ഉപമയിൽ കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്.

യേശു തന്റെ പരസ്യജീവിതത്തിൽ അനുദിനമെന്നോണം അഭിമുഖീകരിച്ച ഒരു സാഹചര്യത്തിലാണ് ഈ ഉപമ വിരൽ ചൂണ്ടുന്നത്. സ്വയം നീതിമാന്മാരെന്നും മുമ്പന്മാരെന്നും കരുതുന്ന ഫരിസേയരും നിയമജ്ഞരും, പിമ്പന്മാരായി അവർ കാണുന്ന പാപികളെയും ചുങ്കക്കാരെയും യേശു സ്വീകരിക്കുകയും, അവരോടു കൂടെ ഭക്ഷണം കഴിക്കുകയും അവർക്ക് തുല്യരക്ഷ വാഗ്ദാനം ചെയ്തതിലും വളരെ അസ്വസ്ഥരായിരുന്നു. അതുകൊണ്ട് ഫരിസേയരും നിയമജ്ഞരും യേശുവിനെതിരെ പിറുപിറുക്കുന്നതും, തങ്ങളുടെ നീരസം പ്രകടമാക്കുന്നതും ചെയ്യുന്നതും സുവിശേഷത്തിലുടനീളം നമുക്കു കാണാൻ സാധിക്കും.

യഥാർത്ഥത്തിൽ മുന്തിരിത്തോട്ടത്തിൽ ആദ്യം വന്ന ജോലിക്കാർ തങ്ങൾക്ക് കൂടുതൽ വേതനം കിട്ടാത്തതിനെക്കാളുപരി തങ്ങളെ അവസാനം വന്നവരോട് തുല്യരാക്കിയതിലാണ് കൂടുതൽ അസ്വസ്ഥരായി വീട്ടുടമസ്ഥനെതിരെ പിറുപിറുക്കുന്നത്. അതുകൊണ്ട് യേശു ഈ ഉപമ പറഞ്ഞിരിക്കുന്നത് ആദ്യമണിക്കൂറിൽ വന്ന ജോലിക്കാരെപ്പോലെ പിറുപിറുക്കുന്നവർക്ക് വേണ്ടിയാണ്, തന്റെ സുവിശേഷവും രക്ഷയും പാപികൾക്കും എളിയവർക്കും തുറന്നു കൊടുത്തതിൽ ഇടർച്ച തോന്നിയ ഫരിസേയർക്കു വേണ്ടി.

സ്വർഗരാജ്യത്തെക്കുറിച്ച് പറയാനാണ് യേശു ഈ ഉപമ ഉപയോഗിക്കുന്നത്. സ്വർഗരാജ്യം, തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശം. സ്വർഗരാജ്യവും രക്ഷയും ആരുടെയും കുത്തകാവകാശമല്ലെന്നും നിയമത്തിന്റെ പ്രവൃത്തികൾക്ക് ലഭിക്കുന്ന വേതനമല്ലതെന്നും മറിച്ച് ദൈവത്തിന്റെ ഔദാര്യപൂർവകമായ ദാനമാണതെന്നും ഈ ഉപമ വഴി യേശു പഠിപ്പിക്കുന്നത്. എന്റെ ചിന്തകൾ നിങ്ങളുടേതു പോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല (ഏശ 55:8). ഉപമയിലെ വീട്ടുടമസ്ഥന്റെ ബുദ്ധിശൂന്യമെന്ന് നമുക്ക് തോന്നാവുന്ന പ്രവൃത്തിയെ മനസ്സിലാക്കാൻ ഈ തിരുവചനം നമ്മെ സഹായിക്കും. നമ്മുടെ യോഗ്യതയും കഴിവുമല്ല മറിച്ച് ദൈവത്തിന്റെ കാരുണ്യവും ഔദാര്യവുമാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതെന്നും, അവസാന മണിക്കൂറിൽ പോലും തുറന്ന ഹൃദയത്തോടെ തന്റെ വിളി സ്വീകരിക്കുന്നവർക്ക് തുല്യരക്ഷ പ്രദാനം ചെയ്യുന്ന കരുണാമയനാണ് ദൈവമെന്നും യേശു  ഉപമ വഴി പഠിപ്പിക്കുന്നു.